ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ തുടർനടപടി

*28 [411] *ശ്രീ. എം. വി. ജയരാജൻ:*
„ കെ. രാധാകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ കൃത്യമായി തുടർനടപടികൾ സ്വീകരിക്കണമെന്ന് ഉറപ്പുവരുത്താനും സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ സുതാര്യത വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പദ്ധതിയുടെ നടപ്പാക്കൽ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) ബഡ്ജറ്റ് പ്രഖ്യാപനങ്ങളെ സംബന്ധിച്ച് തുടർനടപടികൾ നിശ്ചയിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രി 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 15-ാമത് ഖണ്ഡികയിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരോ വർഷവും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഒരു ഉന്നതതല സമിതി ഗവൺമെന്റ് ഉത്തരവ് (ആർ. ടി.) നം. 6100/2004/ധന. തീയതി 14-9-2004 പ്രകാരം രൂപീകരിച്ചു. ഈ സമിതിയിൽ ചീഫ് സെക്രട്ടറി ചെയർമാനും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ധനകാര്യവകുപ്പ് റിസോഴ്സസ്, ധനകാര്യവകുപ്പ് എക്സ്പെൻഡിച്ചർ, പ്ലാനിംഗ്, പദ്ധതി നടപ്പിലാക്കേണ്ട ബന്ധപ്പെട്ട വകുപ്പിലെ സെക്രട്ടറിമാർ ഇവർ മെമ്പർമാരുമാണ്. ഓരോ വകുപ്പുമായി ബന്ധപ്പെട്ടുവരുന്ന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച പുരോഗതികൾ യഥാസമയം വിലയിരുത്തുന്നുണ്ട്. അതുപോലെതന്നെ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം നിയമസഭയിൽ സമർപ്പിക്കപ്പെടുന്ന ബഡ്ജറ്റ് ഇൻ ബ്രീഫ് രേഖയിലുള്ള സാമ്പത്തികസ്ഥിതിയെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റുകളും "മീഡിയം ടേം ഫിസ്കൽ പോളിസി ആന്റ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് വിത്ത് മീഡിയം ടേം ഫിസ്കൽ പ്ലാൻ ഫോർ കേരള" എന്നിവയും സാമ്പത്തികകാര്യങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നടപടികളുടെ ഭാഗമാണ്.

(ബി) പ്ലാൻ പദ്ധതികളുടെ നടപ്പാക്കൽ സ്ഥിരമായി നിരീക്ഷിക്കുന്നതിന് ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥന്റെകീഴിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ്

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റ് എന്ന ഒരു സ്ഥിരം സംവിധാനം നിലവിലുണ്ട്. ഓരോ മാസവും ഈ വകുപ്പിൽനിന്ന് പദ്ധതികളുടെ പുരോഗതി മുഖ്യമന്ത്രിയെ അറിയിക്കാറുണ്ട്. ഇതു കൂടാതെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നുണ്ട്. എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ടുകളുടെ നടത്തിപ്പ് അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി നിലവിലുണ്ട്. ഇവയ്ക്കുപുറമേ പ്രധാന ഘട്ടങ്ങളിൽ പദ്ധതികളുടെ നടത്തിപ്പ് മുഖ്യമന്ത്രിയും അവലോകനം ചെയ്യുന്നുണ്ട്.

സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

*29 [412] *ശ്രീ. വി. കെ. ചന്ദ്രൻ:*
" *മഞ്ഞളാംകുഴി അലി:*
" *വി. കെ. സി. മമ്മത്കോയ:*
" *കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്തതായി കരുതിയിരുന്ന സാംക്രമിക രോഗങ്ങൾ മാരകമായവിധം പടർന്നുപിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത്തരം സാംക്രമിക രോഗങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സാംക്രമിക രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് മുൻകാലങ്ങളിൽ നടത്തിയിരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നിർത്തിവച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ കാരണങ്ങൾ പറയാമോ;

(എഫ്) നിർമ്മാർജ്ജനം ചെയ്യപ്പെട്ട സാംക്രമിക രോഗങ്ങൾ വീണ്ടും പടർന്നു പിടിക്കാതെ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനും നിരീക്ഷിക്കുവാനും ജില്ലാതല നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) നേരിയ തോതിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിർമ്മാർജ്ജനം ചെയ്തിരുന്ന മലമ്പനിരോഗം തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ

LIBRARY ARCHIVES Kerala Legislative Assembly